




Page


**2 & 3.** വി: കുർബ്ബാന എന്തുകൊണ്ട് അനുഭവവേദ്യമാകുന്നില്ല? **Vicar**

**4. Announcements**

**5.** പെരുന്നാൾ നോട്ടീസ്



**6. Thanks giving for favors received**

**7. Bible Quiz By Annamma Joseph & New Member Information.**

**8. Article → St: Peter**
**By Liya Sara Ajith**

**9. Article→ Lent of Our Church**
**By An Old Sunday School Student**

**10. Article→ the words of our lord to you.**
**By A Social Service League Member**

**11. Bible Cross Word By Leela Alexander**

**12. Bible Cross Word cont'd, Birthday Greeting & Cartoon corner**

**13, 14, 15** പുണ്യശ്ലോകനായ വലിയ തിരുമേനി:
സമാഹരണം യൂത്ത് അസ്സോസിയേഷൻ.

**16. Photo gallery of Valiya Thirumeni. By Youth Association.**

## From our Vicar





### വി: കുർബ്ബാന എന്തുകൊണ്ട് അനുഭവവേദ്യമാകുന്നില്ല?

മൂന്ന് സംഗതികളാണ് ഇവിടെ പരാമാർശിക്കാൻ ആഗ്രഹിക്കുക.

1. പിതാവായ ദൈവം തന്നെ ഏല്പിച്ച രക്ഷാകരമായ പ്രവൃത്തി യേശു പൂർത്തിയാക്കിയത് മൂന്ന് പ്രവർത്തനങ്ങളിലൂടെയാണ്. സുവിശേഷ പ്രഘോഷണം, സൗഖ്യ ശുശ്രൂഷ, പ്രാർത്ഥന, കുരിശുമരണം ഒരു പ്രാർത്ഥനയായിരുന്നു. കുരിശുമരണമാകുന്ന പ്രാർത്ഥനയുടെ മുന്നാസ്വാദനമായിരുന്നു (anticipation) (അന്ത്യവിരുന്ന്). കുരിശുമരണമാകുന്ന പ്രാർത്ഥനയുടെ പിന്നാസ്വാദനമണ് (re-presentation) മദ്ബാഹായിലെ വി: കുർബ്ബാന. അതിനാൽ യേശുവിന്റെ ആദ്യത്തെ അജപാലന പ്രവൃത്തി (the first pastoral ministry of Jesus) പ്രാർത്ഥനയാണെന്നുള്ളത് സവിശേഷ പ്രാധാന്യമർഹിക്കുന്നു. ആ രംഗമാണ് വി: ലൂക്കോസ് 3:21–ൽ വിവരിക്കുന്നത്.

"ജനം മുഴുവൻ സ്നാനം സ്വീകരിച്ചുകൊണ്ടിക്കുമ്പോൾ യേശുവും വന്ന് സ്നാനമേറ്റു. അവൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു.." ജനത്തിന്റെ ഭാഗധേയത്തിൽ ഒന്നായിതീരുന്ന മശിഹായാണ് സ്നാനം സ്വീകരിക്കുന്ന യേശു. പാപം ചെയ്ത മനുഷ്യരെ അനുതാപത്തിലേക്ക് ക്ഷണിക്കുന്ന മാമ്മോദീസായിൽ യേശുവും പങ്കുചേരുന്നു. ജനങ്ങളുമായി സമാന്തരം അഥവാ താദാത്മ്യം പ്രാപിക്കുന്ന യേശുവാണ് ഇത്. രക്ഷ പ്രാപിക്കുവാനുള്ളവരുമായി രക്ഷകൻ ഒന്നായിത്തീരുന്നു. മശിഹാത്വത്തിന്റെ സമാന്തരഭാവമാണിത് (horizontal). അതിനു ശേഷം മശിഹാ മാത്രം ചെയ്തതായി സുവിശേഷകൻ വിവരിക്കുന്നത് യേശുവിന്റെ പ്രാർത്ഥനയാണ്. പിതാവായ ദൈവത്തിന്റെ മുമ്പിൽ തുറന്ന ഹൃദയത്തോടെ നിൽക്കുന്ന രക്ഷകൻ. തന്നോടൊപ്പം സ്നാനം സ്വീകരിച്ച ജനത്തിന് (ജനം "മുഴുവനും.") രക്ഷ പ്രദാനം ചെയ്യണമെന്ന് പിതാവിനോട് രക്ഷകൻ പ്രാർത്ഥിക്കുന്നു. രക്ഷ നൽകുക പിതാവിന്റെ പ്രവൃത്തിയാണ്. പിതാവിനോട് പ്രാർത്ഥിക്കുകയെന്നുള്ളത് മശിഹാത്വത്തിന്റെ ലംബനമാണ് (vertical). ഈ പ്രാർത്ഥനക്കു ദൈവം ഉത്തരം കൊടുക്കുന്നു. സ്വർഗ്ഗം തുറക്കപ്പെടുന്നു. ആത്മാവ് ഇറങ്ങി വരുന്നു, പിതാവ് സംസാരിക്കുന്നു; "ഇവൻ എന്റെ പ്രിയപുത്രൻ........"

ഈ ദൈവീക വെളിപാട് കുരിശുമരണവുമായി അഭേദ്യം ബന്ധപ്പെട്ടതാണ് കാരണം. സ്വർഗ്ഗവും ഭുമിയുമായി ബന്ധം പുന:സ്ഥാപിക്കപ്പെടുന്നു ഈ ദൈവീക വെളിപാടിലൂടെ. ആ ബന്ധം മുദ്ര വയ്ക്കപ്പെട്ടതു കുരിശിലെ ബലി വഴിയാണല്ലോ? ആത്മാവിനെ ഇറക്കികൊണ്ടുവരുവാൻ പര്യാപ്തമാണ് ഈ പ്രാർത്ഥന. എന്താണ് ഇതിനർത്ഥം? പ്രാർത്ഥനയെ സംബന്ധിക്കുന്ന രണ്ടു ബൈബിൾ ഭാഗങ്ങൾ ഇവിടെ ശ്രദ്ധിക്കപ്പെടുന്നു.

1-വി: മത്തായി: 6:7 "പ്രാർത്ഥിക്കുമ്പോൾ വിജാതിയരെപ്പോലെ നിങ്ങൾ അതിഭാഷണം ചെയ്യരുത്... നിങ്ങൾ ചോദിക്കുന്നതിനു മുൻപു തന്നെ നിങ്ങളുടെ ആവശ്യം നിങ്ങളുടെ പിതാവ് അറിയുന്നു".
2-വി: ലൂക്കോസ് 11:9-13 "ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും.... സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് ചോദിക്കുന്നവർക്കു എത്രയധികമായി പരിശുദ്ധാത്മാവിനെ നൽകുകയില്ല".
ഒന്നാമത്തെ ഭാഗം പറയുന്നത് ഭൗതീക ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കേണ്ടതില്ല എന്നാണ്. അവയെല്ലാം നമുക്കാവശ്യമാണെന്ന് പിതാവിനറിയാം. രണ്ടാമത്തെ ഭാഗം പറയുന്നത് പരിശുദ്ധാത്മാവിന്റെ ആഗമനത്തിനും അഭിഷേകത്തിനുമായി പ്രാർത്ഥിക്കണമെന്നാണ്. ആർക്കെങ്കിലും ദാഹിക്കുന്നുവെങ്കിൽഅവൻ എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ... അവൻ ഇത് പറഞ്ഞത് തന്നിൽ വിശ്വസിക്കാനിരിക്കുന്നവർ സ്വീകരിക്കാനിരിക്കുന്ന ആത്മാവിനെപ്പറ്റിയാണ്" (യോഹ: 7:37-39). ആത്മാവിനെ ആവശ്യമുള്ളവർ അവിടത്തെ പക്കൽ ദാഹത്തോടെ പ്രാർത്ഥിക്കണം. നാം പ്രാർത്ഥിക്കുന്നതു ആത്മാവിന്റെ ആവാസത്തിനുവേണ്ടി മാത്രമായിരിക്കണം. ഭൗതീക കാര്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതില്ല.
3- പിതാവായ ദൈവം സംസാരിച്ചു "ഇവൻ എന്റെ പ്രിയപുത്രൻ..." യെശ: 42:1 മുതൽ കാണുന്ന സഹന ദാസനുമായി ബന്ധപ്പെട്ടതാണീ വാക്യം. "ഇതാ ഞാൻ താങ്ങുന്ന എന്റെ ദാസൻ. ഞാൻ തിരഞ്ഞെടുത്ത എന്റെ പ്രീതി പാത്രം... ഞാൻ എന്റെ ആത്മാവിനെ അവനു നൽകി:... അവൻ വിലപിക്കുകയോ സ്വരമുയർത്തുകയോ ഇല്ല:... ശ്രദ്ധാർഹമായ രൂപഭംഗിയോ ഗാംഭിര്യമോ ആകർഷകമായ സൗന്ദര്യമോ അവനുണ്ടായിരുന്നില്ല: അവൻ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്തു... നമ്മുടെ വേദനകളാണ് യഥാർത്ഥത്തിൽ അവൻ വഹിച്ചത്. നമ്മുടെ ദുഃഖങ്ങളാണ് അവൻ ചുമന്നത്.... **അവന്റെ മേലുള്ള ശിക്ഷ നമുക്കു രക്ഷ നൽകി..."**
രക്ഷ പ്രാപിക്കാനിരിക്കുന്നവർക്കുവേണ്ടി പുത്രൻ പ്രാർത്ഥിച്ചപ്പോൾ പിതാവ് അതിന് മറുപടി കൊടുത്തതിപ്രകാരമാണ്. "നീ അവർക്കുവേണ്ടി സഹിക്കുന്ന മശിഹായാകുക. ബലികളും കാഴ്ചകളും അവിടുന്ന് ആഗ്രഹിച്ചില്ല. എന്നാൽ, അവിടുന്ന് എനിക്കൊരു ശരീരം സജ്ജമാക്കിയിരിക്കുന്നു. (എബ്രാ:**10:5)** എന്നു പറഞ്ഞുകൊണ്ട് ആ ശരീരം ഒരു പാപകൂമ്പാരമാക്കി അവിടന്നു പാപമോചനത്തിനായി സ്വയം ബലിയർപ്പിച്ചു. സഹനത്തിലൂടേയും ക്രൂശാരോഹണത്തിലൂടേയും മനുഷ്യവർഗ്ഗത്തിനായുള്ള പ്രാർത്ഥനക്കായി യേശു രൂപാന്തരപ്പെടുകയായിരുന്നു. പാപമൊന്നുമില്ലാത്ത യേശു സ്വയം ഒരു പാപകൂമ്പാരമായിത്തീർന്നുകൊണ്ട് ആ പാപത്തിനു ശരീരത്തിൽ സഹനങ്ങളേറ്റുകൊണ്ട് പരിഹാരമനുഷ്ടിച്ചു. കാളക്കിടാങ്ങളുടെ ബലികളിൽ സംപ്രീതനാകാതിരുന്ന പിതാവായ ദൈവം തന്റെ പുത്രന്റെ ബലിയിൽ സംപ്രീതനായി.

“നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു”എന്ന് അവിടുന്ന് ഉത്തരം കൊടുത്തു. ഈ പുത്രന്റെ ബലി മനുഷ്യർക്കു പാപമോചനം കൊടുക്കുന്നു.

ഇതുപോലെ ബലിയർപ്പണത്തിനുപോകുന്നവരും പിതാവായ ദൈവത്തിന്റെ മുമ്പിൽ തുറന്ന ഹൃദയത്തോടെ പ്രാർത്ഥിക്കണം. ദീർഘനേരം പ്രാർത്ഥിക്കണം. ആത്മാവിന്റെ ആവാസത്തിനായിരിക്കണം പ്രാർത്ഥിക്കുന്നത്. ആത്മാവിനാൽ നിറഞ്ഞ യേശുവിന്റെ ബലി ദൈവം സ്വീകരിച്ചതുപോലെ ആത്മാഭിഷേകം നേടിയ വ്യക്തിയുടെ കുർബ്ബാനയർപ്പണം ദൈവാനുഭവത്തിന്റെ മേഖലായായി രൂപാന്തരപ്പെടും. കുർബ്ബായർപ്പണത്തിനു മുമ്പ് ദീർഘ നേരം ആത്മാവിന്റെ ആവാസത്തിനായി കാത്തിരിക്കാത്തതുകൊണ്ടാണ് ദൈവാനുഭവമുണ്ടാകാത്തത്.

## Announcements



ജനുവരി 25: പുണ്യശ്ലോകനായ ആലുവായിലെ പൗലോസ് മാർ അത്താനാസ്സ്യോസ് വലിയ തിരുമേനിയുടെ ഓർമ്മപെരുന്നാൾ. വി: കുർബ്ബാന വൈകീട്ട് 7:30–ന്. (പെരുന്നാൾ ഏറ്റുകഴിക്കുവാൻ ആഗ്രഹിക്കുന്നവർ ഓഫീസിൽ പേരുകൾ കൊടുക്കുക.)

ഫെബ്രുവരി 2 മായൽത്തോ (നമ്മുടെ കർത്താവിന്റെ ദേവാലയ പ്രവേശനം).

ഫെബ്രുവരി 2,3,4 മൂന്നു നോമ്പാചരണം.

ഫെബ്രുവരി 2,3 വൈകീട്ട് 7:30–ന് സന്ധ്യാ പ്രാർത്ഥന, പ്രസംഗം, ധ്യാനം.

ഫെബ്രുവരി 4 ബുധൻ മൂന്നു നോമ്പ് വീടൽ. വി: കുർബ്ബാന വൈകീട്ട് 7:30–ന്.

ഫെബ്രുവരി 8: കൊഹനെ ഞായർ പരേതരായ സകല വൈദീകരുടേയും ഓർമ്മ.

ഫെബ്രുവരി 13: മഹാ പരിശുദ്ധനായ ഇഗ്നാത്തിയോസ് ഏല്യാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ ഓർമ്മ പെരുന്നാൾ. വി: കുർബ്ബാന രാവിലെ 7:00–ന്. (പെരുന്നാൾ ഏറ്റുകഴിക്കുവാൻ ആഗ്രഹിക്കുന്നവർ ഓഫീസിൽ പേരുകൾ കൊടുക്കുക.)

Sunday School Anniversary to be conducted on Friday 30th January 2009 after The Holy mass. Rev Fr. Sumod Cheriyan Vicar OF CSI church will be the Chief Guest.

cottage prayer meeting നടത്തുവാൻ താൽപര്യമുള്ളവർ ശ്രീ രാജു. കെ വർഗ്ഗീസിനെ ബന്ധപ്പെടുക. (39974567) വീടുകളിൽ നടത്തുവാൻ സൗകര്യമില്ലാത്തവർക്ക് പള്ളിയിൽ വച്ച് നടത്തുന്നതിന് സൗകര്യമുണ്ടായിരിക്കും.

**Our Member Mr. Igy A George & family have been blessed with a baby boy. Congratulations.**

## ഓർമ്മപെരുന്നാൾ



പുണ്യശ്ലോകനായ ആലുവായിലെ പരിശുദ്ധ പൗലോസ് മാർ അത്താനാസ്യോസ് വലിയ തിരുമേനിയുടെ ഓർമ്മപെരുന്നാൾ 2009 ജനുവരി 25-ാം തീയ്യതി ഞായറാഴ്ച താഴെ കൊടുത്തിരിക്കുന്ന പ്രോഗ്രാം അനുസരിച്ച് കൊണ്ടാടുവാൻ കർത്താവിൽ പ്രത്യാശിക്കുന്നു. വിശ്വാസികളേവരും പെരുന്നാളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ സാദരം ക്ഷണിക്കുന്നു.

എന്ന്, വികാരി, ഫാ: പോൾ മാത്യൂസ്

**25-01-2009, ഞായർ**

7:00 pm സന്ധ്യാ പ്രാർത്ഥന, വി:കുർബ്ബാന, പ്രസംഗം,

വന്ദ്യ ദിവ്യ ശ്രീ: മാത്യൂസ് ചെറിയാൻ കോറെപ്പിസ്ക്കോപ്പ.

തുടർന്ന് പെരുന്നാൾ ഏറ്റുകഴിക്കുന്നവർക്കുവേണ്ടി പ്രത്യേക സമർപ്പണ പ്രാർത്ഥന, ആശീർവാദം, നേർച്ച വിളമ്പ്.

## ഓർമ്മപെരുന്നാൾ



മഹാ പരിശുദ്ധനായ മോറാൻ മോർ ഇഗ്നാത്തിയോസ് ഏല്യാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ ഓർമ്മ പെരുന്നാൾ 2009 ഫെബ്രുവരി 12, 13 വ്യാഴം, വെള്ളി ദിവസങ്ങളിൽ താഴെ കൊടുത്തിരിക്കുന്ന പ്രോഗ്രാം അനുസരിച്ച് കൊണ്ടാടുവാൻ കർത്താവിൽ പ്രത്യാശിക്കുന്നു. വിശ്വാസികളേവരും പെരുന്നാളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ സാദരം ക്ഷണിക്കുന്നു.

എന്ന്, വികാരി, ഫാ: പോൾ മാത്യൂസ്

**12-02-2009, വ്യാഴം**

7:30 pm സന്ധ്യാ പ്രാർത്ഥന, പ്രസംഗം.

**13-02-2009, വെള്ളി**

7:00 am പ്രഭാത പ്രാർത്ഥന, വി:കുർബ്ബാന, പ്രസംഗം, പെരുന്നാൾ ഏറ്റുകഴിക്കുന്നവർക്കുവേണ്ടി പ്രത്യേക സമർപ്പണ പ്രാർത്ഥന. ആശീർവാദം, നേർച്ച വിളമ്പ്.

## Thanks giving for favors received






**A Believer**


## Thanks giving for favors received



**Polson V Pynadath & Family**



**Eldho P Pynadath & Family**



**Saji K Mathai & Family**

## **2009 ക്വിസ് നമ്പർ - 1**

**(ശമൂവേൽ 1-15)**

1.മിസ്പയ്ക്കും ശേനിനും മദ്ധ്യേ ശമുവേൽ നാട്ടിയ കല്ലിന് നൽകിയ പേര് ?

2.ഹന്ന ദൈവസന്നിധിയിൽ കരഞ്ഞുവാങ്ങിയ പുത്രൻ ആര് ?

3.തേൻ കഴിച്ചതുകൊണ്ട് കണ്ണുതെളിഞ്ഞവനാര് ?

4.കൈക്കൂലി വാങ്ങി ന്യായം മറിച്ചുകളഞ്ഞ ശമുവേലിൻെറ പുത്രന്മാർ ആരെല്ലാം ?

5.ദൈവത്തെക്കാൾ അധികമായി സ്വന്തം പുത്രന്മാരെ സ്നേഹിച്ച വ്യക്തി ?

6.യഹോവയുടെ പെട്ടകം ഫെലിസ്ത്യദേശത്ത് എത്ര നാൾ ഉണ്ടായിരുന്നു ?

7.യിസ്രായേൽ ഗോത്രങ്ങളിൽ ഏററവും ചെറിയ ഗോത്രം ഏത് ?

8.ശമൂവേൽ ശൗലിനെ രാജാവായി അഭിഷേകം ചെയ്ത സ്ഥലം ഏത് ?

9.ഗിൽഗാലിൽ യഹോവയുടെ സന്നിധിയിൽവെച്ച് തുണ്ടം തുണ്ടമായി വെട്ടികൊല്ലപ്പെട്ട അമാലേക്യ രാജാവാര് ?

10.ഒരേർ കാളയെ നുറുക്കി യിസ്രായേൽ ദേശത്തെല്ലാടവും കൊടുത്തയച്ച വ്യക്തി?

11.ഈഖാബോദിൻെറ പിതാവാര് ?

12.ഈ പരിശുദ്ധ ദൈവമായ യഹോവയുടെ മുമ്പാകെ നില്പ്പാൻ ആർക്കുകഴിയും എന്നു പറഞ്ഞവർ ?


13.ഏലിപുരോഹിതൻെറ ആയുഷ്ക്കാലം എത്ര ?

14.ശൌലിൻെറ പുത്രിമാർ ആരെല്ലാം ?

15.യോന്നാഥാൻ ഫെലിസ്ത്യരുടെ പട്ടാളത്തിൻെറ നേരെ ചെല്ലുവാൻ നോക്കിയ വഴിയുടെ ഇരുവശങ്ങളിലും ഉണ്ടായിരുന്ന കടുംതൂക്കായ പാറയുടെ പേരുകൾ എന്ത് ?

**അന്നമ്മ ജോസഫ്**


## **New Faces to Our Parish**



**Biju Thomas (B-83)**
**Churakanath**
**Puthen Veedu**
**Anyam, Anakottor,**
**Kottarakara**

**Home Parish: Mor Yakkobe Burdhana Syrian Orthodox Church.**
**Diocese: Kollam**

**Present Address:**
**M/s. Al-Makkeena**
**Manama, Bahrain.**
**Mob: 36597387**



**Eldho George (E-30)**
**Moonupeediakkal**
**Yordhanapuram P.O,**
**Kalady**

**Home Parish: St. Georges Jacobite Syrian Orthodox Church. Thottakam**
**Diocese: Ankamaly.**

**Present Address**
**M/S. Noora Toys**
**Post Box: 33106,**
**Jidhali, Bahrain.**
**Mob: 39129700**

**The twelve disciples, were chosen by Jesus Christ, they lived and spread the gospels among all nations.**

Saint peter, (AD 1—64)

St. Peter was a fisherman of Galilee, named Simon. His brother Andrew introduced him to Christ. Born in Bethdsaida, peter was one of the twelve apostles, chosen by Jesus as one of his disciples. He became his disciple, giving up his family and possessions to follow Jesus. Christ changed his name to peter (Rock) and made him the rock on which his church was to be built. After his resurrection, Jesus conferred the primacy of peter and he became the vicar of the Christ the head of apostles, the first patriarch.

Jesus Christ gave the keys of the kingdom of heaven to St. Peter and asked him to look after his sheep and to keep them in the true faith. The gospels speak about peter more than any other apostle. He was honoured on many occasions; several miracles were performed for his benefit; Christ stayed at his home, preached from his boat, sent home the first message of the resurrection, and appeared to him personally. Finally, mention is made of his defects; his anger, imperfect faith, impetuosity, and his triple denial of Christ.

From Antioch, St. Peter went to Rome where he stayed there intermittently for about 25 years, as founder and first bishop of the church there. Finally in the last year of Nero's reign, he was crucified with his head downward, at his own request, as he wanted to die kissing the feet of Jesus and also not deeming himself worthy to die as did by his Divine Master.

Related dates to remember:

February 22nd: establishment of throne of St. Peter in Antioch.

June 29th: St. Peter's martyrdom.


June 30th: remembrance of all the 12 apostles.

*Collected by: Liya Sara Ajith*

**New Faces to Our Parish**



Mr. Shaijumon E C (S-093)
Eramathu Vadakethil House
Pakkil P.O, Kottayam [Dist]
**Home Parish:**
St. Thomas Jacobite Syrian Church,
Pakkil, Kottayam.
Dioces: Kottayam
**Present Address**
M/s Abdul Al Safety
& Security Services,
P. O Box: 20416,
Budaiya, Bahrain. Mobile No: 36046408



Mr. Shai N C (S-094)
Nedumthurithil House
Kolanchery
**Home Parish:**
St. Grorges Jacobite
Syrian Church,
Kadamattom.
Dioces: Kandanadu
**Present Address**
M/s Abdul Al Safety & Security Services, P. O Box: 20416,
Budaiya, Bahrain.
Mobile No: 36217859

## L E N T S OF OUR CHURCH

The following is a list of the lent of our church, and a short description.

**Canonical Lent:**

Sundays and Marayana feast days are not to be observed as lent days. But the church insists us to observe Wednesday and Friday of every week as lent days. The church father Polycarpos of
Smyrna of the 2nd Century exhorted the observance of these two days.

(A) Wednesday is the day of Annunciation to the Mother of God and hence to the well-being and prosperity of the family. This day is observed as a day of the mother and also observed as a day of mourning, as on this day, Judas Iscariot betrayed the Lord.

(B) Friday lent is for remembering the persecution and sufferings of the Lord on this day of crucifixion.

**Three Day Lent (Nineveh lent):**

This lent started in the 4th Century. It falls in January or February every year. When the prophet Jonah proclaimed that great danger was imminent to Nineveh, to escape the anger of God, the king, subjects, and animals went without eating or drinking food or water, wearing sacks and sitting on ashes for 3 days. Those days' even mothers were abstaining breast-feeding to their children. God saved the city out of mercy. Even before Jonah, in the time of Esther, Nehemiah and Daniel, three day lent were observed.

**Fifty days lent (The Great Lent):**

The fifty days lent started in A .D 325. This lent is observed for forty days as the Lord observed, plus ten days to remember His persecution. This lent highlights the salvation of mankind through the incarnation of God. In order to avoid a break in the fasting, Holy Qurbana is celebrated only on Saturdays and Sundays during this lent time. Not only had our Lord observed 40 days lent. Moses and Elijah also observed it. It is written by Mar Athanasius, Mar Polycarpos, and Mar Iraneous that this lent was observed by the early church in its early days.The date of this lent is arrived in accordance with the date of resurrection fixed by the synod of Nicea in A. D 325. Every year the date of this lent changes.

**(Apostles-Lent):**

This lent has been observed since the sixth century. We observe this lent in the name of the apostles numbering 12. Every year this lent falls between June 26th and 29th of that month.

**Assumption Lent or Soonoyo Lent:**

It has been observed since the sixth century. It is observed in the name of the mother of God and in remembrance of her Assumption. This lent ends on the day of the Assumption of the mother of God. Every year we celebrate this lent from August 10th to 15th of that month.

**Lent of Advent: (x-mas)**

This lent has been observed since the sixth century. It is connected with the birth of Christ. Every year it falls between December 15th and 25th (Incarnation of Jesus Christ)

*Compiled by an old Sunday school student*

The words of the Lord to you.

I am the Holy Communion; I am the white bread which the Priest raises from the earth to heaven. I am your God and your Lord; I am your Master and your Savior. I am the one who thought of you in my hour of trial on the Olive Mountain. I am the one who have poured my blood for your sake, because you were the one I was thinking of. I am the one who always think about you and who keeps an eye on you, because I love you and I want you for myself. I am your Savior who calls you and is here for your help and salvation.

Come to me as you are, without any deceitfulness or dishonesty. If you are a sinner, come to me with all your sins, burdens diseases and all your wickedness; throw them upon me and I shall forgive you. Have faith my son/daughter, I love you and this love that I am giving you is the true and eternal love. Because my love to you is for ever and will never change. You sin quite often and you enjoy the sin, therefore you fall very deep, so how will I then not save you and love you, if you do not come to me?

Come to me with your whole family, friends and with everyone close to you. Don't be afraid to name everyone you know, name by name. I love all of them and my love is without limits, the kind of love which you can not comprehend because it is divine. Bring them to me so that I may bless them and their lives. Put them in the midst of my rays of love so that they together may have life thanks to you. If you only knew what you could do for me. "You are the light… you are the salt…" So my child, take the glad tidings and give them to other as long as you are near Me. Be determined my child, when you ask for something, I have been giving you a little of everything just because you have chosen to not consult Me.


Come to me with all your hopes and plans for the future. Who else would otherwise be able to help you to purify them from all egoism and guide you in your goals so that they may be done through my heavenly Father? Ask me about all your needs and don't think that you disturb me when you keep asking me. Just remember the man who went to his friend to ask for bread… and don't forget that my joy is to give infinitely. And the more you turn to me and ask, the more joy you bring me. Without me you can't achieve your goals or hopes. But if you come to me you will perform uncountable miracles and wonders.

*Come to me because you are in need of my Mercy…*

Stay close to me because I am the only one you need, because your existence is based no me; and because without me you will not make it. I am in the entire world's wisdom. I am the light of the World. The truth is me; and when you stay in me you are in the Truth. The Way is me; and when you stay in me you are on the right Way. The Life is me; and when you stay in me you are in the Life and the Life within you. I am the one who has the Life-giving Word. It is though me you can offer your sacrifices to the heavenly Father with praise and honor. A clean and perfect sacrifice is what brings joy to the Father, in the same way that He is pleased to all that is for the Son. Therefore my child, attach yourself to me because you will find everything in me …

*Compiled by: A Social Service League Member*

**Are You Bible Literate?**
**Bible Crossword #1 (January 2009)**



Leela Alexander

**ACROSS**

**4** Who am I, that I should go to pharaoh?
**6** Behold the handmaid of the Lord.
**7** Shall I go and call to thee a nurse of the Hebrew women, that she may nurse the child for thee?
**8** Behold I see the heavens opened, and the son of man standing on the right hand of God.
**11** I was no prophet, neither was I a prophet's son; but I was a a gatherer of sycamore fruit.
**12** Of a truth I perceive, that God is no respecter of persons
**13** He must increase, but I must decrease.
**14** Entreat me not to leave thee, or to return from following after thee; for wither thou goest I will go.

**DOWN**

**1** Am I a dog that thou comest to me with staves.
**2** Out of the eater came forth meat, and out of the strong came forth sweetness.
**3** Ah, Lord God! Behold, I cannot speak, for I am a child.
**5** He will take your daughters to confectionaries, and to be cooks, and to be bakers.
**8** I am but a little child, I know not how to go out or come in.
**9** What shall be the sign that Lord will heal me and that I shall go up into the house of the Lord the third day?
**10** What hast thou to do with peace? Turn thee behind me.

Useful References:
Exodus 3, 1Kings 3, Jeremiah 1, Amos 7, Judges14, 1Samuel 8, 2Kings 9, John 3, Exodus 2, Acts 7, 2Kings 20, Ruth 1, Luke 1, Acts 10, 1Samuel 17.
This is the first in the series of Bible crossword puzzles for 2009.
This time all the clues are about words spoken by famous people mentioned in the Bible.

Find out who spoke these words. Solve the crossword and deposit your answers in the box near the door to the church within 14 days after the release of the news letter .

This contest is open to all; Sunday school students and adults.
The winners' names will be published in the Church Newsletter.
The annual award is given only to Sunday school students .
A few references are given . Use them if necessary.
You may also send the answers to me by email. My email address is bibleliterate@gmail.com
Happy New Year
Leela Alexander

ഒന്നാം പിറന്നാൾ



ഡിയോ സജി
28/01/2009

***Cartoon Corner***



## പുണ്യശ്ലോകനായ വലിയതിരുമേനി

പുണ്യശ്ലോകനായ പൈനാടത്ത് പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനി എ.ഡി. 1869 ജനുവരി 23–ാം തീയതി എറണാകുളം ജില്ലയിൽ ജനിച്ചു. ബാലനായ പൗലൂസിനു 10 വയസ്സു പ്രായമുള്ളപ്പോൾ അങ്കമാലി ഭദ്രാസന ഇടവകയുടെ അമ്പാട്ട് മോർ കൂറിലോസ് തിരുമനസ്സിൽനിന്നും എ.ഡി. 1879 ഏപ്രിൽ 21–ാം തീയതി പുതുഞായറാഴ്ച കോറൂയോസ്ഥാനം പ്രാപിച്ചു. താപസശ്രേഷ്ഠനായ അഭി. തിരുമനസ്സിലെ കൂടെ താമസിച്ച പൗലൂസ് ശെമ്മാശൻ തിരുമേനിയുടെ കീഴിൽ പഠനമാരംഭിച്ചു. വേദശാസ്ത്രത്തിലും സുറിയാനിഭാഷയിലും അഗാധപാണ്ഡിത്യം നേടിയ ശെമ്മാശൻ എം.ഡി. സെമിനാരിയിൽ അക്കാലത്ത് സുറിയാനിയും വേദപാഠവും പഠിപ്പിക്കുവാൻ നിയമിതനായി. 1066 കുംഭം 25ന് അമ്പാട്ട് മോർ കൂറിലോസ് തിരുമേനി കാലം ചെയ്തു. അതേതുടർന്ന് ബഹു. പൗലൂസ് ശെമ്മാശന് കശ്ശീശാപട്ടവും ദയറോയൂസോയും പരിശുദ്ധനായ പരുമല തിരുമേനി പുലിക്കോട്ടിൽ മോർ ദിവന്നാസിയോസ്, കടവിൽ മോർ അത്താനാസിയോസ് എന്നീ തിരുമേനിമാരുടെ സഹകരണത്തിൽ നൽകി. താപസന്മാരിൽ അഗ്രഗണ്യനും വിശുദ്ധനും ഭക്തനുമായ പരുമല തിരുമേനിയിൽ നിന്നും ദയറോയൂസോ സ്വീകരിച്ച പൗലൂസ് റമ്പാൻ ആ പുണ്യപിതാവിന്റെ കാലടികളിൽക്കൂടി യാത്ര തുടങ്ങി. അനേക നാൾ പ. പരുമല തിരുമേനിയോടൊപ്പം പരുമലയിൽ താമസിക്കുകയും പഴയ വിശുദ്ധിനിറഞ്ഞ പരുമല സെമിനാരി യുടെ പണിയിൽ വ്യാപൃതനായി. വി. പരുമല കൊച്ചുതിരുമേനി 1078 തുലാം മാസം 20–ാം തീയതി (എ.ഡി. 1902) കാലം ചെയ്തു. ആലുവാ സെമിനാരിസ്ഥാപകനും സുറിയാനിപണ്ഡിതനും അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായുമായ (കടവിൽ) പൗലൂസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്ത എ.ഡി. 1907 തുലാം 20ന് കാലം ചെയ്ത് ആലുവാ പള്ളിയിൽ അടക്കപ്പെട്ടു.

1909 ചിങ്ങം 15ന് അങ്കമാലി ഭദ്രാസന ഇടവകയുടെ പള്ളിപ്രതിപുരുഷയോഗം ആലുവാ സെമിനാരിയിൽവച്ചു കൂടുകയും പൗലൂസ് റമ്പാച്ചനെ ഇടവക മെത്രാപ്പോലീത്താസ്ഥാനത്തേക്ക് തെരഞ്ഞെടുക്കുകയും 1085 ഇടവം 27ന് (എ.ഡി. 1910) അകപ്പറമ്പ് പള്ളിയിൽവച്ച് പ. മോറാൻ അബ്ദുള്ള പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് അദ്ദേഹത്തെ പൗലോസ് മോർ അത്താനാസിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. പ. അന്ത്യോഖ്യാ സിംഹാസനത്തിന്റെ പരിശുദ്ധിയെയും പരമാധികാരത്തെയും ചോദ്യം ചെയ്യാതെ ആയുസ്സിന്റെ അന്ത്യം വരെ അദ്ദേഹം കഴിച്ചുകൂട്ടി. തന്റെ ഗുരുവായ അമ്പാട്ട് മോർ കൂറിലോസ് തിരുമേനിയാകട്ടെ, ഇടവക മെത്രാപ്പോലീത്തായായ കടവിൽ തിരുമേനി, തന്റെ തലയിൽ കൈവച്ച ചാത്തുരുത്തിൽ (പരുമല) തിരുമേനി ഇവർ പ. അന്ത്യോഖ്യാ സിംഹാസനത്തിനെതിരായി ഒരുവാക്കുപോലും ശബ്ദിച്ചിരുന്നില്ല. അവരുടെ പാത പുണ്യവാനായ മോർ അത്താനാസിയോസ് തിരുമേനിയും തുടർന്നു.

അക്കാലത്തെ മെത്രാപ്പോലീത്തന്മാരിൽ ഏറ്റവും ചെറുപ്പമായിരുന്ന അഭി. തിരുമനസ്സ് പുതിയ ആദർശങ്ങളോടും ദൈവാശ്രയത്തിലും ഇടവക ഭരണമാരംഭിച്ചു. ഈ പിതാവിന്റെ എ.ഡി. 1910 മുതൽ എ.ഡി. 1953 വരെയുള്ള ഭരണകാലമാണ് അങ്കമാലി ഭദ്രാസന ഇടവകയുടെ ഇന്നത്തെ കെട്ടുറപ്പിന്റെ അടിസ്ഥാനശില. വൈദികരുടെ വിദ്യാഭ്യാസരംഗത്തും ഇടവകയുടെ ഉയർച്ചയിലും ശ്രദ്ധിച്ചിരുന്ന പിതാവ് ഭക്തസംഘടനകളെ വളർത്തിയെടുക്കുന്നതിൽ ജാഗ്രത പുലർത്തിയിരുന്നു. മലങ്കര സിറിയൻ സണ്ടേസ്കൂൾ അസ്സോസിയേഷൻ, മോർ ഗ്രീഗോറിയോസ് വിദ്യാർത്ഥി സംഘം, പൗരസ്ത്യസുവിശേഷ സമാജം, ദയറാസമൂഹം, ഇഗ്നാത്തിയോസ് സുവിശേഷസംഘം എന്നിവയുടെയെല്ലാം ശില്പി അഭി. പിതാവാണ്.

വിശുദ്ധനും ഭക്തനും മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന കൊച്ചുപറമ്പിൽ മോർ കൂറിലോസ് തിരുമേനി എ.ഡി. 1917 ധനു 1–ാം തീയതി കാലം ചെയ്ത് പാണമ്പടി പള്ളിയിൽ കബറടക്കപ്പെട്ടതിനെ തുടർന്ന് മലങ്കര മെത്രാപ്പോലീത്താസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട മോർ അത്താനാസിയോസ് തിരുമേനി ആ നാളുമുതൽ കാലം ചെയ്യുന്നതുവരെ പ. സഭയ്ക്കുവേണ്ടി രാവും പകലും പ്രവർത്തിച്ചു. ലളിതവും നിഷ്കളങ്കവുമായ ജീവിതം, സഭയിലും ദൈവത്തിലും അപ്പോസ്തോലികകാലത്തെപ്പോലെയുള്ള അടിയുറച്ച വിശ്വാസം, നിഷ്ഠയോടുകൂടിയുള്ള പ്രാർത്ഥനയും വിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥതയിൽ സംശയരഹിതമായ ആശ്രയം, ആന്തരീകവും ബാഹ്യവുമായ വിനയം, എന്നിവയാണ് വലിയതിരുമനസ്സിലെ വ്യക്തിപ്രഭാവത്തിന്റെ അടിസ്ഥാനശിലകൾ. വി. കൂദാശകളിലും അവ അനുഷ്ഠിക്കുന്ന രീതികളിലും തിരുമനസ്സിലേക്കുള്ള പ്രത്യേക താൽപ്പര്യവും ശ്രദ്ധയും ഹൃദയസ്പർക്കായ കർമ്മാനുഷ്ഠാനങ്ങളും തിരുമേനിയുടെ പ്രത്യേക സവിശേഷതകളാണ്. തിരുമനസ്സിലെ ഭരണകാലത്തിന്റെ നല്ല സമയവും സമുദായക്കേസുകളിൽ ശ്രദ്ധ പതിപ്പിക്കേണ്ടിവന്നു. അവ നടത്തിക്കൊണ്ടുപോകുന്നതിനുള്ള സാമ്പത്തിക ക്ലേശവും ഭാരങ്ങളും തിരുമേനിയെ വളരെ വേദനിപ്പിച്ചിരുന്നു. പല സമയങ്ങളിലും കൂടെ നിന്ന വിശ്വസ്തർ കൂറുമാറിയപ്പോഴും കോടതിവിധികൾ പ്രതികൂലമായി ബാധിച്ചപ്പോഴും ദൈവാശ്രയത്തിലും ധൈര്യത്തിലും പിതാവ് സഭയെ മുമ്പോട്ടു നയിച്ചു. വലിയതിരുമേനിയുടെ വലിയ ബലം ഉറക്കത്തിലും ഉണർവിലും രാവും പകലും സന്തോഷകാലത്തും ദുഃഖകാലത്തും തന്നോട് ഒപ്പംനിന്നു കൈത്താങ്ങലുതന്ന വലിയവരും ചെറിയവരുമായ (പ്രായം കൊണ്ട്) മെത്രാപ്പോലീത്തന്മാരായ ഏലിയാസ് മോർ യൂലിയോസ് ബാവാ, മീഖായേൽ മോർ ദീവന്നാസിയോസ് തിരുമേനി, ഏബ്രഹാം മോർ ക്ലീമീസ് തിരുമേനി, വയലിപ്പറമ്പിൽ മോർ ഗ്രീഗോറിയോസ്, മുളയിരിക്കൽ മോർ സേവേറിയോസ്, പൗലൂസ് മോർ പീലക്സിനോസ് (കാലം ചെയ്ത ശ്രേഷ്ഠ കാതോലിക്കാ ബാവാ) എന്നിവരായിരുന്നു. നീണ്ട 74 സംവത്സരം വൈദികപദവിയിൽ ശുശ്രൂഷ ചെയ്ത ഈ പുണ്യപിതാവിന്റെ രാപകലില്ലാത്ത ശുശ്രൂഷയുടെ ഫലമാണ് ഇന്നുകാണുന്ന ആകമാന സുറിയാനി സഭയിലെ ഏറ്റവും വലിയതും തിളക്കമേറിയ നക്ഷത്രവും വിശ്വാസത്തിന്റെ തീഷ്ണതയിൽ ജ്വലിച്ചുനിൽക്കുന്നതുമായ അങ്കമാലി ഭദ്രാസനം. എ.ഡി. 1953 ജനുവരി 24–ാം തീയതി 3.30ന് ഈ പുണ്യപിതാവ് തന്റെ ഈലോകത്തിലെ ശുശ്രൂഷതികച്ച് തന്റെ അരുമനാഥന്റെ സന്നിധിയിലേക്ക് യാത്രയായി.

ആകമാന സിറിയൻ ഓർത്തഡോക്സ് സഭയുടെ തലവനായ പരിശുദ്ധ പാത്രിയർക്കീസ് ബാവ അനുഗ്രഹിച്ച് നൽകുന്ന ഏറ്റവും ഉന്നതപദവിയായ 'സത്യവിശ്വാസസംരക്ഷകൻ' എന്ന അപരാഭിധാനത്താൽ പ്രകീർത്തിതനായ അഭിവന്ദ്യ പൗലോസ് മോർ അത്താനാസ്യോസ് തിരുമേനിയെ പരിശുദ്ധനായി സഭാതലവൻ അംഗീകരിച്ച് ആദരിച്ചത് 2004– നെ അനുസ്മരണീയമാക്കിത്തീർത്തിരിക്കുന്നു. തൽഫലമായി 2004 ആഗസ്റ്റ് 20–ാം തീയതി മോർ സാബോർ അഫ്രോത്ത് പിതാക്കന്മാരുടെ അനുഗ്രഹീതസാന്നിദ്ധ്യം അനുഭവപ്പെടുന്ന അകപ്പറമ്പ് പള്ളിയിൽ വച്ച് ശ്രേഷ്ഠ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ ആബൂൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവ, വി. സഭയിലെ മെത്രാപ്പോലീത്താമാരുടെയും നൂറുകണക്കിന് വൈദികരുടെയും ആയിരക്കണക്കിന് ഭക്തജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ തികച്ചും ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ പ്രഖ്യാപനം ചെയ്തത് ഭക്തജനസഹസ്രങ്ങളുടെ ചിരകാലാഭിലാഷത്തിന്റെ സാക്ഷാൽക്കാരമായിരുന്നു. നാടും നഗരവും ആ പ്രഖ്യാപനം അതേപടി ഹൃദയത്തിലേറ്റുവാങ്ങി ഭക്തജനങ്ങൾ ഹർഷാശ്രുബിന്ദുക്കളോടെയാണ് ആ പ്രഖ്യാപനത്തെ വരവേറ്റത്. അവർ മനസ്സുകൊണ്ടും ഹൃദയം കൊണ്ടും നേരത്തെ തന്നെ ആ പുണ്യശ്ലോകനെ പരിശുദ്ധനെന്ന നിലയിൽ അംഗീകരിച്ചുകഴിഞ്ഞതാണല്ലോ. അനുഭവങ്ങൾ ഏറെയുണ്ടല്ലോ. അവരുടെ മനസ്സിന്റെ ചെപ്പിൽ നിന്ന് പുറത്തെടുത്ത് താലോലിക്കുവാനും സർവ്വശക്തനായ ദൈവത്തിന് നന്ദി കരേറ്റുവാനും മുസ്ലീം സഹോദരങ്ങൾക്ക് ആലുവായിലെ വലിയതിരുമേനി 'മുനിശ്രേഷ്ഠ'നായിരുന്നു. ഹൈന്ദവർക്കാണെങ്കിൽ പർണ്ണശാലയിൽ നോമ്പും വ്രതവുമായി കഴിയുന്ന മഹർഷി ലളിതമായ ജീവിതം കൊണ്ടും ഉദാത്തമായ ചിന്തകൊണ്ടും വഴിഞ്ഞൊഴുകുന്ന വാത്സല്യതിരേകം കൊണ്ടും വ്രതശുദ്ധിയാർന്ന ജീവിതചര്യ കൊണ്ടും അദ്ദേഹം ഏവർക്കും സമാദരണീയനായിരുന്നു. അർദ്ധാസനം നൽകി ബഹുമാനിക്കുവാൻ സഭാതലവന് തോന്നത്തക്കവിധം സൂര്യശോഭയോടെ വിളങ്ങിയ അത്യുജ്ജ്വലതേജസ്സായിരുന്നു പൗലോസ് മോർ അത്താനാസ്യോസ് വലിയതിരുമേനി. പരിശുദ്ധനായ വലിയതിരുമേനി തണ്ടിന്മേൽവച്ച വിളക്കുതന്നെ.


പുണ്യവാനായ പിതാവേ അങ്ങ് നട്ടുനനച്ചു വളർത്തിയ ഭദ്രാസനത്തിന്റെ, അങ്ങയുടെ പിൻഗാമി അങ്ങയെപ്പോലെതന്നെ മലങ്കര മുഴുവന്റെയും മെത്രാപ്പോലീത്തായും ശ്രേഷ്ഠനായ കാതോലിക്കായും ആയി അങ്ങയുടെ കാലടികളെ പിന്തുടർന്ന് മലങ്കരയിലെ വി. സഭയെയും നയിക്കുന്നു. അവിടുന്ന് അങ്ങയുടെ പിൻഗാമിയെ അനുഗ്രഹിച്ചാലും. പുണ്യപിതാവെ അവിടുന്ന് കാലം ചെയ്തിട്ട് 56 വർഷം തികയുന്ന ഈ സന്ദർഭത്തിൽ സഭയെ മുഴുവനായും അനുഗ്രഹിക്കണമെ.

സമാഹരണണം: യൂത്ത് അസ്സോസിയേഷൻ.

യൂത്ത് അസ്സോസിയേഷൻ പ്രതിമാസ യോഗം എല്ലാ രണ്ടാം വെള്ളിയാഴ്ചകളിലും, മൊർത്ത്–മറിയം വനിതാ സമാജം എല്ലാ ഒന്നും, നാലും വെള്ളിയാഴ്ചകളിലും, സോഷ്യൽ സർവ്വീസ് ലീഗ് എല്ലാ മൂന്നാം വെള്ളിയാഴ്ചകളിലും നടത്തപ്പെടുന്നു.

# PHOTO GALLERY OF VALIYA THIRUMENI

















കൊച്ചി മഹാരാജാവ് ഒരുമിച്ചുള്ള ഫോട്ടോ 1-8-1949 കൊച്ചിയുടെ മഹാരാജാവ് രാമവർമ്മ പരീക്ഷിത്ത് തമ്പുരാൻ (നടുവിൽ) വലിയ തിരുമേനി (വലത്ത്) കൊച്ചിയുടെ പൗലോസ് മാർ സേവേറിയോസ് (ഇടത്ത്)













